**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

2026 ഒക്ടോബർ 16, വെള്ളി

## നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--30]**

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| കൃഷി വകുപ്പ് മന്ത്രി |
| ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി |
| കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി |
| ഗതാഗത വകുപ്പ് മന്ത്രി |
| തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി |

**ശബരിമലയിലേക്കുള്ള മിൽമയുടെ നെയ്യ് വിതരണത്തിലെ ക്രമക്കേട്**

*121 **ശ്രീ. കെ. ജയന്ത്**

**ശ്രീ. സനീഷ്കുമാർ ജോസഫ്**

**ശ്രീമതി ഉഷ വിജയൻ**

**ശ്രീ. ടി .ഒ. മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലേക്ക് മിൽമ തിരുവനന്തപുരം മേഖല യൂണിയൻ വിതരണം ചെയ്ത നെയ്യ് വഴിമധ്യേ മാറ്റി ഗുണനിലവാരം കുറഞ്ഞ നെയ്യ് എത്തിച്ചതായി പറയപ്പെടുന്ന സംഭവത്തെക്കുറിച്ച് ക്ഷീരവികസന വകുപ്പ് നടത്തിയ അന്വേഷണത്തിൽ വൻ സാമ്പത്തിക നഷ്ടമുണ്ടായെന്ന് കണ്ടെത്തിയിരുന്നോ; വിശദമാക്കുമോ;

(ബി) നെയ്യ് മറിച്ചു വിറ്റതായി പറയപ്പെടുന്ന സംഭവത്തിൽ മേഖലാ യൂണിയന് നഷ്ടമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയുടെ നഷ്ടമുണ്ടായി എന്ന് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) മിൽമ തിരുവനന്തപുരം മേഖല യൂണിയനിൽ കഴിഞ്ഞ പത്ത് വർഷം നടന്നതായി പറയപ്പെടുന്ന സാമ്പത്തിക ക്രമക്കേടുകളെക്കുറിച്ച് ഉന്നതതല അന്വേഷണം നടത്തുമോ; വിശദമാക്കുമോ?

<u>ബാല്യസ്പന്ദനം പദ്ധതി</u>

*122 **ശ്രീ. സുധീർഷാ പാലോട്**

**ശ്രീ. ചാണ്ടി ഉമ്മൻ**

**ശ്രീ. രാജൻ. ജെ. പല്ലൻ**

**ശ്രീ. കെ. ബിനിമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അങ്കണവാടി കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിന് ബാല്യസ്പന്ദനം പദ്ധതി ആരംഭിച്ചിട്ടുണ്ടോ; പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) അങ്കണവാടി കുട്ടികളുടെ മാനസിക-ആരോഗ്യ വളർച്ചക്ക് പ്രസ്തുത പദ്ധതി ഏതെല്ലാം വിധത്തിൽ സഹായകമാകുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഏതൊക്കെ വകുപ്പുകൾ ചേർന്നാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; അങ്കണവാടികളിലെ നിലവിലുള്ള ഭക്ഷണ രീതിയിൽ മാറ്റം വരുത്തുവാൻ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

<u>കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സ്ത്രീകൾക്ക് സൗജന്യയാത്ര</u>

*123 **ശ്രീ. എൻ. കെ. അക്ബർ**

**ശ്രീ. പി. എ. മുഹമ്മദ് റിയാസ്**

**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**

**ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സ്ത്രീകൾക്ക് സൗജന്യയാത്ര അനുവദിക്കുമെന്ന് യു.ഡി.എഫ്. പ്രകടന പത്രികയിൽ വാഗ്ദാനം ചെയ്തിരുന്നോ; വാഗ്ദാനം നടപ്പാക്കിയെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) നിലവിൽ സർവീസ് നടത്തുന്ന എല്ലാ കെ.എസ്.ആർ.ടി.സി. ബസ്സുകളിലും സൗജന്യയാത്ര അനുവദിക്കാതെ, ചില ബസ്സുകളിൽ മാത്രം സിറ്റി ഫാസ്റ്റ് എന്ന സ്റ്റിക്കർ പതിപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) സൗജന്യയാത്ര അനുവദിച്ചതിനെ തുടർന്ന് സ്വകാര്യ ബസ്സുകൾ പ്രതിസന്ധി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) കെ.എസ്.ആർ.ടി.സി.യിലെ എല്ലാ ബസ്സുകളിലും സ്ത്രീകൾക്ക് സൗജന്യയാത്ര അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; കെ.എസ്.ആർ.ടി.സി. ബസ് സർവീസ് ഇല്ലാത്ത സ്ഥലങ്ങളിൽ സ്വകാര്യ ബസ്സുകളിലും സ്ത്രീകൾക്ക് സൗജന്യയാത്ര അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>**ഉന്നതവിദ്യാഭ്യാസ മേഖലയിലെ പ്രതിസന്ധികളും വെല്ലുവിളികളും**</u>

***124 ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ**
**ശ്രീ. കെ. രാജൻ**
**ശ്രീ. മുഹമ്മദ് മുഹസിൻ**
**ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന സാക്ഷരതയിലും പൊതുവിദ്യാഭ്യാസത്തിലും മുന്നിലാണെങ്കിലും കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ മേഖല നിലവിൽ സങ്കീർണ്ണമായ നിരവധി പ്രതിസന്ധികളിലൂടെയും വെല്ലുവിളികളിലൂടെയുമാണ് കടന്നുപോകുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കേരളത്തിലെ ഭൂരിഭാഗം വിദ്യാർത്ഥികളും ഉപരിപഠനത്തിനായി മറ്റ് സംസ്ഥാനങ്ങളെയോ വിദേശ രാജ്യങ്ങളെയോ ആശ്രയിക്കുന്ന

പ്രവണത വളരെ വേഗത്തിൽ വർദ്ധിച്ചുവരുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**(സി)** ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എ.ഐ.), ഡാറ്റാ സയൻസ് തുടങ്ങിയ ആധുനിക സാങ്കേതിക മേഖലകൾക്ക് അനുയോജ്യമായ രീതിയിൽ കേരളത്തിലെ കോഴ്സുകൾ പരിഷ്കരിക്കപ്പെടാത്തത് വിദ്യാർത്ഥികളുടെ തൊഴിൽക്ഷമതയെ ബാധിക്കുന്നുണ്ടോ; വിശദമാക്കാമോ;

**(ഡി)** വിദ്യാർത്ഥികളുടെ വിദേശ കുടിയേറ്റം കാരണം സംസ്ഥാനത്തെ പല പ്രമുഖ സർക്കാർ, എയ്ഡഡ്, സ്വാശ്രയ കോളേജുകളിലും ബിരുദ-ബിരുദാനന്തര കോഴ്സുകൾക്ക് ആവശ്യത്തിന് കുട്ടികളില്ലാതെ വൻതോതിൽ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന പ്രതിസന്ധിയുണ്ടോ; വിശദമാക്കാമോ?

**<u>ലേബർ കോഡ് നടപ്പാക്കൽ</u>**

***125 ശ്രീ. ആര്യാടൻ ഷൗക്കത്ത്**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. എഫ്. രാജ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** 2019-ൽ രാജ്യത്തെ 29 തൊഴിൽ നിയമങ്ങൾ സംയോജിപ്പിച്ച് നാല് ലേബർ കോഡുകളാക്കി കേന്ദ്രസർക്കാർ നിയമം പാസ്സാക്കിയതിന്റെ പശ്ചാത്തലത്തിൽ കേരളത്തിലും പ്രസ്തുത ലേബർ കോഡുകളുടെ കരട് തയ്യാറാക്കാനുള്ള നടപടികൾ 2016-21 കാലയളവിൽ തന്നെ ആരംഭിച്ചിരുന്നോ; വിശദമാക്കുമോ;

**(ബി)** 2021-26 കാലയളവിൽ, തുടക്കത്തിൽ തന്നെ പ്രസ്തുത ചട്ട രൂപീകരണം വേഗത്തിലാക്കാൻ പ്രധാന പരിഗണന നൽകുകയും കോഡുകൾക്കെതിരെ പ്രതിഷേധം ഉയർന്നപ്പോൾ കോഡുകളെ കുറിച്ച് പഠിക്കാൻ ജസ്റ്റിസ് വി.ഗോപാൽ ഗൗഡ അധ്യക്ഷനായ കമ്മിറ്റിയെ നിയോഗിക്കുകയും ചെയ്തിരുന്നോ; വ്യക്തമാക്കുമോ;

**(സി)** പ്രസ്തുത കമ്മിറ്റി ശിപാർശയിന്മേൽ അന്നത്തെ സർക്കാർ എന്തെങ്കിലും തുടർനടപടികൾ സ്വീകരിച്ചിരുന്നോ; വിശദമാക്കുമോ; കഴിഞ്ഞ സർക്കാർ തുടർനടപടികൾ ആരംഭിച്ചതിനാലും കേന്ദ്രനിയമം

ആയതിനാലും പ്രസ്തുത ലേബർ കോഡ് നടപ്പാക്കേണ്ട ബാധ്യത ഈ സർക്കാരിൽ നിക്ഷിപ്തമായിട്ടുണ്ടോ; വിശദമാക്കുമോ?

**<u>രാജ്യാന്തര കായിക ഉച്ചകോടി</u>**

***126 ശ്രീ. രമേഷ് പിഷാരടി**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. കെ. എം. അഭിജിത്ത്**
**ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** കോടികൾ ചെലവിട്ട് മുൻ സർക്കാർ നടത്തിയ രാജ്യാന്തര കായിക ഉച്ചകോടിയുടെ മറവിൽ നിക്ഷേപ വഞ്ചനയും സാമ്പത്തിക തട്ടിപ്പും നടന്നിട്ടുണ്ടെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

**(ബി)** 3.62 കോടി രൂപ സർക്കാർ ഫണ്ട് ചെലവഴിച്ച് നടത്തിയ ഉച്ചകോടിയിൽ 23.52 ലക്ഷം രൂപയുടെ വരുമാനം ലഭിച്ചെന്ന് കായിക വകുപ്പ് പ്രഖ്യാപിച്ചിരുന്നോ; എന്നാൽ ഉച്ചകോടിയുടെ നടത്തിപ്പുകാരായ സ്പോർട്സ് കേരള ഫൗണ്ടേഷൻ 6.96 ലക്ഷം രൂപ മാത്രമാണ് സർക്കാരിൽ തിരിച്ചടച്ചതെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

**(സി)** കായിക ഉച്ചകോടിയുടെ ഇവന്റ് മാനേജ്മെന്റ്, കേറ്ററിംഗ് കരാറുകൾ എന്നിവ ടെൻഡർ ഇല്ലാതെ മുൻ കായിക മന്ത്രിയുടെ അടുപ്പക്കാർക്ക് നൽകിയെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**<u>ക്ഷീരമേഖലയിലെ പ്രതിസന്ധി</u>**

***127 ശ്രീ. കെ. വി. സുമേഷ്**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ. ടി. എം. ശശി**
**ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാലുൽപ്പാദനം കുറഞ്ഞ് ക്ഷീരമേഖല കടുത്ത പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ പൊതുമേഖലാ സ്ഥാപനമായ കേരള ഫീഡ്സ് ഉൾപ്പെടെയുള്ളവ കാലിത്തീറ്റ വില കുത്തനെ വർദ്ധിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കാലിത്തീറ്റയുടെയും മറ്റ് തീറ്റകളുടെയും വിലവർദ്ധനവോടെ ഉൽപ്പാദനച്ചെലവ് താങ്ങാനാവാതെ കർഷകർ ക്ഷീരമേഖല വിട്ടുപോകുന്ന ഗുരുതരമായ സാഹചര്യം നിലനിൽക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ക്ഷീരമേഖലയ്ക്കും കാലിത്തീറ്റ സബ്സിഡിയ്ക്കുമായി ബജറ്റിൽ വകയിരുത്തിയിരുന്ന തുക ഈ സർക്കാർ വലിയ തോതിൽ വെട്ടിക്കുറച്ചത് കർഷകരോടുള്ള വഞ്ചനയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ഡി) കാലിത്തീറ്റ വിലക്കയറ്റം രൂക്ഷമായതോടെ സംസ്ഥാനത്തെ പാൽ ലഭ്യതയിൽ ഉണ്ടായ കുറവ് പരിഹരിക്കാൻ അയൽ സംസ്ഥാനങ്ങളെ കൂടുതലായി ആശ്രയിക്കേണ്ടി വരുന്നെന്ന വസ്തുത ബോധ്യപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ കാലിത്തീറ്റ വിലക്കയറ്റം നിയന്ത്രിക്കാനും വെട്ടിക്കുറച്ച സബ്സിഡി പുനഃസ്ഥാപിച്ച് കർഷകർക്ക് ന്യായവിലയ്ക്ക് കാലിത്തീറ്റ ലഭ്യമാക്കാനും ക്ഷീരമേഖലയെ തകർച്ചയിൽ നിന്നും രക്ഷിക്കാനും എന്തെല്ലാം അടിയന്തര നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## നാലുവർഷ ബിരുദ പ്രോഗ്രാം

*128 **ശ്രീ. കാരായി രാജൻ**

**ശ്രീ. കെ. എൻ. ബാലഗോപാൽ**

**ശ്രീ. പി. കെ. പ്രവീൺ**

**ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാലുവർഷ ബിരുദ പ്രോഗ്രാം പരിഷ്കരിക്കുന്നതിനായി നിയോഗിച്ച വിദഗ്ധസമിതി ദേശീയ വിദ്യാഭ്യാസ നയം പൂർണമായി നടപ്പാക്കാൻ ശിപാർശ ചെയ്തിട്ടുണ്ടോ; എങ്കിൽ സമിതിയുടെ റിപ്പോർട്ടിന്റെയും രൂപീകരണ ഉത്തരവിന്റെയും വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ട് സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ നിർവാഹകസമിതി പരിഗണിക്കുകയോ അംഗീകരിക്കുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ ബന്ധപ്പെട്ട തീരുമാനങ്ങളുടെ വിശദവിവരങ്ങൾ അറിയിക്കാമോ;

(സി) ദേശീയ വിദ്യാഭ്യാസ നയത്തിലെ ഏതെല്ലാം വ്യവസ്ഥകളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നും നിലവിലുള്ള നാലുവർഷ ബിരുദ പ്രോഗ്രാമിൽ എന്തെല്ലാം മാറ്റങ്ങളാണ് നിർദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ഡി) നിർദ്ദിഷ്ട മാറ്റങ്ങൾ വിദ്യാഭ്യാസത്തിന്റെ കച്ചവടവൽക്കരണത്തിനും മതനിരപേക്ഷ സ്വഭാവം ദുർബലപ്പെടുത്തുന്നതിനും വഴിയൊരുക്കുമെന്ന വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പൊതുവിദ്യാഭ്യാസ താൽപര്യങ്ങളും സാമൂഹികനീതിയും സർവകലാശാലകളുടെ അക്കാദമിക സ്വയംഭരണവും സംരക്ഷിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>**കൃഷി നയം**</u>

***129 ശ്രീമതി ഉഷ വിജയൻ**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. കെ. ജയന്ത്**
**ശ്രീ. ടി .ഒ. മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ കൃഷി നയം സമഗ്രമായ പുനഃപരിശോധനയ്ക്ക് വിധേയമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) കാലാനുസൃതമായി കൃഷിയിൽ ഉണ്ടാകുന്ന മാറ്റത്തിൽ ഈ സർക്കാരിന്റെ കാഴ്ചപ്പാട് എന്താണെന്ന് വ്യക്തമാക്കുമോ;

(സി) നെല്ല് സംഭരണ വിഷയത്തിൽ മുൻ സർക്കാരിന് ഉണ്ടായെന്ന് പറയപ്പെടുന്ന വീഴ്ചകൾ പരിഹരിക്കാൻ സപ്ലൈകോയുമായി ചേർന്ന് വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) അകന്നു പോകുന്ന കർഷകരെ ഈ മേഖലയിൽ പിടിച്ചുനിർത്താനും യുവാക്കളെ കൃഷിയിലേക്ക് ആകർഷിക്കാനും എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**പ്രിയദർശിനി പദ്ധതി**

*130 **ശ്രീ. എം. എം. നസീർ**
**ശ്രീമതി ഉമ തോമസ്**
**ശ്രീ. സേനാപതി വേണു**
**ശ്രീ. വി. ടി. സൂരജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കിയ പ്രിയദർശിനി പദ്ധതിയിലൂടെ വനിതാ യാത്രക്കാരുടെ എണ്ണത്തിൽ ഗണ്യമായ വർധനയുണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഗവി, നെല്ലിയാമ്പതി, പൊന്മുടി, മലക്കപ്പാറ തുടങ്ങിയ വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള വനിതാ യാത്രക്കാരുടെ എണ്ണത്തിൽ ഈ പദ്ധതി നടപ്പാക്കിയതിനെ തുടർന്ന് വർധനയുണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പൊതുഗതാഗതത്തെ കൂടുതൽ പേർ ആശ്രയിച്ചതോടെ സ്വകാര്യ വാഹനങ്ങളുടെ ഉപയോഗവും കാർബൺ പുറന്തള്ളലും കുറഞ്ഞിട്ടുണ്ടോ എന്നത് പഠനവിധേയമാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

**കൃഷിരീതികളുടെ ആധുനികവത്ക്കരണം**

*131 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. ആര്യാടൻ ഷൗക്കത്ത്**
**ശ്രീ. എഫ്. രാജ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളായ ഫാമുകൾ, വിത്ത് ഉൽപ്പാദന കേന്ദ്രങ്ങൾ, കാർഷിക നഴ്സറികൾ എന്നിവയുടെ പ്രവർത്തനം കൂടുതൽ ആധുനികവത്ക്കരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കർഷകർക്കായി ആധുനിക കൃഷിരീതികളും സാങ്കേതികവിദ്യകളും പരിചയപ്പെടുത്തുന്നതിന് കൃഷിവകുപ്പിന്റെ കീഴിൽ നിലവിൽ ഉള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്; ഇവ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

**(സി)** കൃഷിയിടങ്ങളിൽ ഉല്പാദനച്ചെലവ് കുറയ്ക്കുന്നതിനായി ഡ്രോൺ, സ്മാർട്ട് ഇറിഗേഷൻ തുടങ്ങിയ നൂതന സംവിധാനങ്ങൾ ഉപയോഗിക്കാൻ കർമ്മ പദ്ധതി തയ്യാറാക്കുമോ; വിശദമാക്കാമോ?

**സർവകലാശാലാ നിയമങ്ങളും യു.ജി.സി. ചട്ടങ്ങളും**

***132** **ശ്രീ. വി. കെ. സനോജ്**
**പ്രൊഫ. സി. രവീന്ദ്രനാഥ്**
**ശ്രീ. യു. ആർ. പ്രദീപ്**
**ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്തെ സർവ്വകലാശാലകളിൽ വൈസ് ചാൻസലർ നിയമനവുമായി ബന്ധപ്പെട്ട് തർക്കം നിലനില്ക്കുന്നുണ്ടോ; എങ്കിൽ തർക്കം ഒത്തുതീർപ്പാക്കുന്നതിന്റെ ഭാഗമായി സർവകലാശാലാ നിയമങ്ങൾ യു.ജി.സി. ചട്ടങ്ങളുമായി പൊരുത്തപ്പെടുത്താൻ സർക്കാർ സമ്മതിച്ചിട്ടുണ്ടോ; എങ്കിൽ ഒത്തുതീർപ്പ് വ്യവസ്ഥകളുടെയും ബന്ധപ്പെട്ട കോടതി ഉത്തരവിന്റെയും വിശദാംശം ലഭ്യമാക്കുമോ;

**(ബി)** ഇതിനായി ഏതെല്ലാം സർവകലാശാലാ നിയമങ്ങളിലെ ഏതെല്ലാം വ്യവസ്ഥകളാണ് ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

**(സി)** നിർദിഷ്ട ഭേദഗതികൾ മൂലം വൈസ് ചാൻസലർ നിയമനം, സെർച്ച് കമ്മിറ്റി രൂപീകരണം, സർവകലാശാലാ ഭരണസമിതികളിലെ പ്രാതിനിധ്യം എന്നിവയിൽ സംസ്ഥാന സർക്കാരിനും സർവകലാശാലകളുടെ നിയമപ്രകാരമുള്ള സമിതികൾക്കും നിലവിലുള്ള അധികാരങ്ങൾ കുറയുമോ; ഇതുസംബന്ധിച്ച് നിയമോപദേശം ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

**(ഡി)** സംസ്ഥാനത്തിന്റെ നിയമപരമായ അധികാരങ്ങളും സർവകലാശാലകളുടെ സ്വയംഭരണവും സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**കായിക താരങ്ങളോടുള്ള അവഗണന**

***133** **ശ്രീ. ജ്യോതികുമാർ ചാമക്കാല**

**ശ്രീ. മനോജ് മൂത്തേടൻ**

**ശ്രീ. വി. പി. സജീന്ദ്രൻ**

**ശ്രീ. സുമേഷ് അച്ചുതൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് സ്പോർട്സ് ഹോസ്റ്റലുകളിലെ കായിക താരങ്ങൾക്ക് അർഹതപ്പെട്ട സ്പോർട്സ് കിറ്റുകൾ സ്പോർട്സ് കൗൺസിൽ വിതരണം ചെയ്യാതെ ഉപേക്ഷിച്ചു എന്ന് ധനകാര്യ വിഭാഗത്തിന്റെ ഓഡിറ്റിൽ കണ്ടെത്തിയിരുന്നോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ ഓഡിറ്റ് വിഭാഗത്തിന് സ്പോർട്സ് കൗൺസിൽ മറുപടി നൽകിയിരുന്നോ; വ്യക്തമാക്കാമോ;

(സി) വിവിധ ഇനങ്ങളിൽ കേരളത്തെ പ്രതിനിധീകരിച്ച് ദേശീയ മത്സരങ്ങളിൽ പങ്കെടുത്തവർക്കുള്ള ഔദ്യോഗിക ട്രാക്ക് സ്യൂട്ട് രണ്ട് വർഷമായി നൽകിയിരുന്നില്ലായെന്നും ഇവർക്കെല്ലാം അവകാശപ്പെട്ട ഉപകരണങ്ങളാണ് തലസ്ഥാനത്തെ ഗോഡൗണിൽ പൊടി പിടിച്ചു നശിച്ചിരുന്നതെന്നുമുള്ള ആക്ഷേപത്തെക്കുറിച്ച് അന്വേഷിക്കുമോ; വിശദമാക്കാമോ?

## <u>വിദ്യാർത്ഥികൾക്ക് വെയിറ്റേജ്</u>

*134 **ശ്രീമതി ഉമ തോമസ്**

**ശ്രീ. സേനാപതി വേണു**

**ശ്രീ. വി. ടി. സൂരജ്**

**ശ്രീ. എം. എം. നസീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോജന ക്ഷേമപ്രവർത്തനങ്ങളുടെ ഭാഗമാകുന്നവർക്ക് കോഴ്സുകളിലും ജോലികളിലും വെയിറ്റേജ് ലഭ്യമാക്കുന്ന വിധത്തിൽ കോളേജ് വിദ്യാർത്ഥികളെ ടൈം ബാങ്ക് പദ്ധതിയിലേക്ക് ആകർഷിക്കാൻ എന്തെല്ലാം കാര്യങ്ങൾ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(ബി) വയോജനങ്ങളുടെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് തയ്യാറാക്കാൻ എൻ.എസ്.എസ് ക്യാമ്പുകൾ പ്രയോജനപ്പെടുത്തുമോ; അടുത്തഘട്ടമായി

ഇത് എൻ.സി.സി., സ്റ്റുഡൻഡ് പോലീസ് കേഡറ്റ് വിഭാഗങ്ങളിലേക്കും വ്യാപിപ്പിക്കുമോ; വ്യക്തമാക്കുമോ;

**(സി)** എൻ.എസ്.എസ്. വോളന്റീയർമാരുടെ ഗ്രേസ് മാർക്ക് പ്രശ്നം പരിഹരിക്കുന്നതിന് സബ് കമ്മിറ്റി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**പ്രത്യേക കാർഷിക പദ്ധതി**

***135 ശ്രീ. എം. റഹ്മത്തുള്ള**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. ടി. പി. അഷ്റഫലി**
**ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** തുടർച്ചയായ ചൂടും ജലക്ഷാമവും മൂലം കാർഷിക മേഖലയിൽ ഉണ്ടായിരിക്കുന്ന പ്രതിസന്ധി പരിശോധിച്ചിട്ടുണ്ടോ;

**(ബി)** വിളനാശം സംഭവിക്കുന്ന കർഷകർക്ക് അർഹമായ നഷ്ടപരിഹാരം നൽകുന്നതിനും ജലലഭ്യത ഉറപ്പാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

**(സി)** കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ ജലലഭ്യത, ജലസേചന സൗകര്യം എന്നിവ വിലയിരുത്തിയുള്ള പ്രത്യേക കാർഷിക പദ്ധതി ആവിഷ്കരിക്കുന്ന കാര്യം പരിശോധിക്കുമോ?

**കനിപ്പന്തൽ ഇനി വിദ്യാലയങ്ങളിലും പദ്ധതി**

***136 ശ്രീ. എ. ഡി. തോമസ്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീമതി രമ്യ ഹരിദാസ്**
**ശ്രീ. സന്ദീപ് വാര്യർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** വിദ്യാലയങ്ങളിൽ പഴവർഗ്ഗ പോഷക തോട്ടങ്ങൾ സ്ഥാപിക്കുന്നതിനായി കനിപ്പന്തൽ ഇനി വിദ്യാലയങ്ങളിലും എന്ന പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

**(ബി)** പ്രസ്തുത പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

**(സി)** പ്രസ്തുത പദ്ധതി ഏതൊക്കെ വകുപ്പുകൾ സംയുക്തമായാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

**(ഡി)** നിലവിൽ സ്കൂളുകളിൽ പച്ചക്കറി ഉല്പാദനം ലക്ഷ്യമിട്ട് നടത്തുന്ന കതിർ പദ്ധതിയുടെ ഭാഗമായാണോ കനിപ്പന്തൽ ഇനി വിദ്യാലയങ്ങളിലും എന്ന പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>സർവകലാശാലകളിലെ ഗവേഷണ നിലവാരം</u>**

***137** **ശ്രീ. അബിൻ വർക്കി കോടിയാട്ട്**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. നാട്ടകം സുരേഷ്**
**ശ്രീ. സെബാസ്റ്റ്യൻ. എം. ജെ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സർവകലാശാലകളിലെ ഗവേഷണ നിലവാരം ഉയർത്താൻ എന്ത് നടപടികളാണ് സ്വീകരിക്കുന്നത്; സംസ്ഥാനത്തെ സർവകലാശാലകളിൽ വ്യാജമോ കൃത്രിമമോ ആയ ഗവേഷണപ്രവർത്തനങ്ങൾ നടത്തി ഡോക്ടറേറ്റ് നേടിയ കേസുകൾ കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; വ്യാജ ഗവേഷണപ്രവർത്തനങ്ങൾ കണ്ടെത്താൻ നിലവിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയർ ഏതാണ്; ഇത് അപ്ഡേറ്റ് ചെയ്യാൻ നടപടി സ്വീകരിക്കുമോ;

**(ബി)** ഡോക്ടറേറ്റ് പ്രബന്ധങ്ങളിലെ പ്ലേജിയറിസം, ഡാറ്റാ കൃത്രിമം, വ്യാജ ഗവേഷണഫലങ്ങൾ എന്നിവ സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; പ്ലേജിയറിസം കണ്ടെത്തിയ ഗവേഷണ പ്രബന്ധങ്ങൾക്ക് ഡോക്ടറേറ്റ് അനുവദിച്ച സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

**(സി)** വ്യാജ ഗവേഷണ വിവരങ്ങളോ കൃത്രിമമായി സൃഷ്ടിച്ച ഡാറ്റയോ ഉപയോഗിച്ച് ഡോക്ടറേറ്റ് നേടിയതായി പിന്നീട് കണ്ടെത്തുന്നപക്ഷം ഡോക്ടറേറ്റ് റദ്ദാക്കുന്നതിനുള്ള നിലവിലെ നടപടിക്രമം എന്താണ്;

ഗവേഷണ പ്രബന്ധങ്ങളുടെ പരിശോധനയിൽ സർവകലാശാലകൾ തമ്മിൽ ഏകീകൃത മാനദണ്ഡങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ;

**(ഡി)** ഗവേഷണ ഗൈഡുകൾ, ഗൈഡ് കമ്മിറ്റി അംഗങ്ങൾ, മൂല്യനിർണയ വിദഗ്ധർ എന്നിവരുടെ ഉത്തരവാദിത്തം ഉറപ്പാക്കാൻ നിലവിൽ എന്ത് സംവിധാനമാണുള്ളതെന്ന് അറിയിക്കാമോ?

**കാർഷിക മേഖലയിലെ മികവിന് ആദരവ്**

***138** **ശ്രീ. രാജൻ. ജെ. പല്ലൻ**
**ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീ. സുധീർഷാ പാലോട്**
**ശ്രീ. കെ. ബിനിമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** കാർഷിക മേഖലയിലെ മികവിനെയും സമഗ്ര സംഭാവനകളെയും ആദരിച്ച് 38 വിഭാഗങ്ങളിൽ കർഷക അവാർഡുകൾ വിതരണം ചെയ്യാൻ പദ്ധതിയുണ്ടോ; വിശദാംശം അറിയിക്കാമോ;

**(ബി)** കാർഷിക മേഖലയിലെ മികവിന് അഞ്ച് ലക്ഷം രൂപ സമ്മാനത്തുകയുള്ള ഉമ്മൻചാണ്ടി സ്മാരക സമഗ്ര സംഭാവന പുരസ്കാരം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

**(സി)** മട്ടുപ്പാവ് കൃഷി ചെയ്യുന്ന മികച്ച കർഷകൻ, ഉദ്യാന ശ്രേഷ്ഠ എന്നീ പുതിയ അവാർഡുകളെകുറിച്ച് വിശദമാക്കുമോ?

**എംപ്ലോയ്മെൻറ് മാർക്കറ്റ് ഇൻഫർമേഷൻ പദ്ധതി**

***139** **ശ്രീ. മനോജ് മൂത്തേടൻ**
**ശ്രീ. വി. പി. സജീന്ദ്രൻ**
**ശ്രീ. ജ്യോതികുമാർ ചാമക്കാല**
**ശ്രീ. സുമേഷ് അച്യുതൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സ്വദേശത്തും വിദേശത്തും ഉള്ള തൊഴിൽ സാധ്യതകളെ പറ്റി പഠനം നടത്തി അപ്രകാരമുള്ള വിവരങ്ങൾ അഭ്യസ്തവിദ്യരായ തൊഴിൽ

അന്വേഷകർക്ക് കൈമാറുന്നതിന് നിലവിൽ എന്തെങ്കിലും സർക്കാർ സംവിധാനങ്ങൾ ഉണ്ടോ; ഇല്ലെങ്കിൽ ഇപ്രകാരം ഒരു സംരംഭം നിരവധി തൊഴിൽ അന്വേഷകർക്കും വരും തലമുറകൾക്കും വലിയൊരു സഹായമാകുമെന്നതിനാൽ ആയത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

**(ബി)** തൊഴിൽ അന്വേഷകരെ സഹായിക്കുന്നതിനായി നടപ്പിലാക്കിയിരുന്ന ഇ.എം.ഐ. (എംപ്ലോയ്മെൻറ് മാർക്കറ്റ് ഇൻഫർമേഷൻ) ഓഫീസുകളുടെ നിലവിലെ പ്രവർത്തനം തൃപ്തികരമാണോ എന്ന് വിലയിരുത്തിയിട്ടുണ്ടോ; കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇതുവഴി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

**(സി)** ഇ.എം.ഐ. ഓഫീസുകളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് ഈ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതുമായി ബന്ധപ്പെട്ട് ചെയ്യാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

**<u>ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിന്റെ നടത്തിപ്പ്</u>**

***140** **ശ്രീ. വി. മുരളീധരൻ**
**ശ്രീ. രാജീവ് ചന്ദ്രശേഖർ**
**ശ്രീ. ബി. ബി. ഗോപകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** കേരള യൂണിവേഴ്സിറ്റി പാട്ടത്തിന് നൽകിയ ഭൂമിയിൽ കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയം നിർമ്മിച്ചതിന് സർക്കാരിൽ നിന്ന് എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും പ്രസ്തുത സ്റ്റേഡിയത്തിൽ നിന്നും സർക്കാരിന് നേരിട്ട് ഏതെങ്കിലും തരത്തിലുള്ള വരുമാനം ലഭിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ;

**(ബി)** കേരള യൂണിവേഴ്സിറ്റിക്ക് പാട്ടത്തുക നൽകേണ്ടത് ആരാണെന്നും ഇതുവരെ എത്ര തുക പ്രസ്തുത ഇനത്തിൽ നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

**(സി)** സ്റ്റേഡിയത്തിന്റെ പ്രവർത്തനം, പരിപാലനം, മേൽനോട്ടം എന്നിവയ്ക്കായി സർക്കാരിന്റേതായ ഒരു സംവിധാനം നിലവിലുണ്ടോ;

ഇല്ലെങ്കിൽ അത്തരത്തിൽ ഒരു സംവിധാനം രൂപീകരിക്കുമോ എന്ന് വ്യക്തമാക്കാമോ;

**(ഡി)** സ്റ്റേഡിയത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് വരവ്-ചെലവ് കണക്കുകളുടെ ഓഡിറ്റ് നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

**(ഇ)** സ്റ്റേഡിയത്തിന്റെ നിലവിലെ നടത്തിപ്പ് ചുമതലയുള്ള കാര്യവട്ടം സ്പോർട്സ് ഫെസിലിറ്റീസ് ലിമിറ്റഡ് ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ പ്രവർത്തന രീതി വിശദമാക്കാമോ;

**(എഫ്)** സ്റ്റേഡിയത്തിലെ ധാരാളം മുറികൾ ഉപയോഗിക്കാതെ പൂട്ടിയിട്ടിട്ടുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

**(ജി)** നിലവിൽ സ്റ്റേഡിയം മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനായി കേരള ക്രിക്കറ്റ് അസോസിയേഷന് കൈമാറിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## സ്പോർട്സ് കൗൺസിലിന്റെ ഓഫീസുകളിലെ ക്രമക്കേടുകൾ

***141 ശ്രീ. കല്ലട മാഹിൻ**

**ശ്രീ. മഞ്ഞളാംകുഴി അലി**

**ശ്രീ. പി. കെ. നവാസ്**

**ശ്രീമതി ഫാത്തിമ തഹിലിയ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സ്പോർട്സ് കൗൺസിലിന്റെ ഓഫീസുകളിൽ വ്യാപകമായ ക്രമക്കേടുകളും അഴിമതിയും നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

**(ബി)** കേന്ദ്രസർക്കാരിന്റെ മുൻ കായിക വികസന പദ്ധതിയായ പൈക്ക വഴി ലഭിച്ച തുക പൂർണ്ണമായും ചെലവഴിച്ചിട്ടില്ലെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

**(സി)** സ്പോർട്സ് കൗൺസിൽ മുഖേന വാങ്ങിയ കായികോപകരണങ്ങൾ വിതരണം ചെയ്യാതെ കൂട്ടിയിട്ടിരിക്കുന്നതായി അന്വേഷണത്തിൽ മനസ്സിലായിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സ്പോർട്സ് കൗൺസിലിന്റെ ഭരണം അഴിമതി മുക്തമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ?

**ഹോസ്റ്റലുകളിലെ അരക്ഷിതാവസ്ഥ**

***142 ശ്രീ. സജീവ് ജോസഫ്**

**ശ്രീ. റോയി. കെ. പൗലോസ്**

**ശ്രീ. പഴകുളം മധു**

**ശ്രീ. റോണി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കീഴിലുള്ള ഹോസ്റ്റലുകളിൽ അമിത രാഷ്ട്രീയ പ്രവർത്തനവും ഗുണ്ടായിസവും മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗവും മൂലം അരക്ഷിതാവസ്ഥ നിലനിൽക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇത്തരം ഹോസ്റ്റലുകളിലെ മുറികൾ അക്രമവാസനയുള്ള ചില വിദ്യാർത്ഥികൾ തങ്ങളുടെ ഇംഗിതത്തിന് വഴങ്ങാത്ത വിദ്യാർത്ഥികളെ പീഡിപ്പിക്കാനുള്ള ഇടിമുറികളായി ഉപയോഗിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പൂർവവിദ്യാർത്ഥികളും മറ്റ് സാമൂഹ്യവിരുദ്ധരും ഹോസ്റ്റലുകളിൽ സ്ഥിരമായി തമ്പടിക്കുകയും മറ്റ് അക്രമ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; അത്തരക്കാരെ ഹോസ്റ്റലുകളിൽ നിന്ന് ഒഴിവാക്കി ഹോസ്റ്റലുകളിൽ സമാധാന അന്തരീക്ഷം സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**കാർഷിക മേഖലയും കാലാവസ്ഥാ വ്യതിയാനവും**

***143 ശ്രീ. പി. പ്രസാദ്**

**ശ്രീ. ജി. ആർ. അനിൽ**

**ശ്രീ. കെ. കെ. വത്സരാജ്**

**ശ്രീമതി ഗീതാ ഗോപി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനം മൂലം ഉണ്ടാകുന്ന കാർഷിക മേഖലയിലെ പ്രതിസന്ധികളെ മുൻകൂട്ടി തിരിച്ചറിഞ്ഞ് കർഷകന്റെ ഉപജീവനവും

ഭക്ഷ്യ സുരക്ഷയും ഉറപ്പാക്കേണ്ട സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

**(ബി)** സംസ്ഥാനത്ത് സമീപകാലത്തുണ്ടായ കടുത്ത വേനൽ, അപ്രതീക്ഷിത പ്രളയം, കടലാക്രമണം, താപനിലയിലെ വ്യതിയാനം തുടങ്ങിയ കാലാവസ്ഥാ വ്യതിയാനങ്ങൾ കാർഷിക മേഖലയെയും കർഷകരെയും എത്രത്തോളം പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

**(സി)** കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കാൻ കെൽപ്പുള്ള പുതിയ വിത്തിനങ്ങളും കൃഷിരീതികളും പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം അടിയന്തര നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദമാക്കുമോ;

**(ഡി)** കാലാവസ്ഥാ വ്യതിയാനവും എൽനിനോ പോലെയുള്ള പ്രതിഭാസങ്ങളും കാർഷിക മേഖലയിൽ സൃഷ്ടിക്കുന്ന പ്രതിസന്ധികളെ സംബന്ധിച്ച് ശാസ്ത്രീയമായ പഠന ഗവേഷണങ്ങൾ നടത്തുന്നതിന് കാർഷിക ഗവേഷണ മേഖലയ്ക്ക് മതിയായ പ്രാധാന്യം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

## <u>നാലു വർഷ ബിരുദ കോഴ്സുകൾ</u>

***144 ശ്രീ. ഫൈസൽ ബാബു**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. പി. കെ. ഫിറോസ്**
**ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** നാലു വർഷ ബിരുദ കോഴ്സുകൾ ആരംഭിച്ചത് കൃത്യമായ തയ്യാറെടുപ്പുകൾ കൂടാതെയാണ് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അക്കാര്യം പരിശോധിക്കുമോ;

**(ബി)** നാലു വർഷ ബിരുദ കോഴ്സുകൾ നടപ്പിലാക്കിയതിന്റെ പാളിച്ചകൾ സംബന്ധിച്ച് പഠിക്കാൻ പ്രത്യേക സമിതിയെ നിയോഗിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

**(സി)** സംസ്ഥാനത്തെ കോളേജ് വിദ്യാർത്ഥിനികൾക്ക് ആയിരം രൂപ വീതം പ്രതിമാസം നൽകുന്നതിന് വകുപ്പ് പദ്ധതി ആവിഷ്കരിക്കുമോ; വിശദമാക്കാമോ?

## ജൈവകൃഷി പ്രോത്സാഹനം

***145 ശ്രീ. വി. ടി. സൂരജ്**
**ശ്രീമതി ഉമ തോമസ്**
**ശ്രീ. സേനാപതി വേണു**
**ശ്രീ. എം. എം. നസീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങളും സഹായങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

**(ബി)** കൃഷിക്കാവശ്യമായ ജൈവ വളം, അത്യുല്പാദന ശേഷിയുള്ള വിത്ത്, ജൈവ കീടനാശിനി തുടങ്ങിയവ മിതമായ നിരക്കിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

**(സി)** കേരളത്തിലെ പ്രധാന കാർഷിക വിളകളായ നെല്ല്, തേങ്ങ, റബർ, കുരുമുളക്, വാഴ, മരച്ചീനി തുടങ്ങിയവയുടെ ഉൽപ്പാദനം വർധിപ്പിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## ക്ഷീര മേഖലയെ നവീകരിക്കാൻ നടപടി

***146 ശ്രീ. സി. വി. ശാന്തകുമാർ**
**ശ്രീ. എൻ. ശക്തൻ**
**ശ്രീ. എം. ആർ. ബൈജു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്ത് ക്ഷീര മേഖല നവീകരിക്കുവാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്യുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

**(ബി)** സംസ്ഥാനത്തെ കറവപ്പശുക്കളുടെ എണ്ണം കുറയുന്നത് പഠനവിധേയമാക്കുവാൻ സമിതി രൂപീകരിക്കുമോ; വ്യക്തമാക്കുമോ; മറ്റേതെല്ലാം വിഷയങ്ങളെക്കുറിച്ച് പഠിക്കുവാനും റിപ്പോർട്ട്

സമർപ്പിക്കാനും പ്രസ്തുത സമിതിയോട് ആവശ്യപ്പെട്ടുമെന്ന് അറിയിക്കുമോ;

**(സി)** മിൽമ, കേരള ഫീഡ്സ് എന്നിവിടങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന കാലിത്തീറ്റയുടെ വില നിയന്ത്രിക്കാനും ഗുണനിലവാരം പരിശോധിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>**നെല്ല് കർഷകരുടെ പ്രശ്നം പരിഹരിക്കാൻ നടപടി**</u>

***147** **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്ത് നെല്ല് കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നത് എന്ന് വ്യക്തമാക്കാമോ;

**(ബി)** നെൽകൃഷിയെ സംരക്ഷിക്കാനും വളർത്താനും എന്തെല്ലാം പുതിയ പദ്ധതികൾ ആണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

<u>**മുൻ സർക്കാർ സംഘടിപ്പിച്ച കായിക ഉച്ചകോടി**</u>

***148** **ശ്രീ. കെ. എം. അഭിജിത്ത്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. രമേഷ് പിഷാരടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** മുൻ സർക്കാർ 2024ൽ സംഘടിപ്പിച്ച കായിക ഉച്ചകോടി വെറും വാഗ്ദാന തട്ടിപ്പ് ആയിരുന്നു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**(ബി)** കായിക വകുപ്പ് സംഘടിപ്പിച്ച രാജ്യാന്തര സ്പോർട്സ് സമിറ്റ് കേരളയിലൂടെ സംസ്ഥാനത്തെ കായിക മേഖലയിൽ 4500 കോടി രൂപയുടെ നിക്ഷേപം ഉറപ്പാക്കിയെന്ന് അന്നത്തെ കായിക മന്ത്രി പ്രഖ്യാപിച്ചിരുന്നോ; എന്നാൽ കണക്കുകൾ എല്ലാം വ്യാജമാണെന്ന്

ഉച്ചകോടിയിൽ പങ്കെടുത്ത സ്ഥാപനങ്ങൾ വെളിപ്പെടുത്തിയിരുന്നോ; വ്യക്തമാക്കാമോ;

(സി) സ്പോൺസർഷിപ്പ് തേടി ഉച്ചകോടിയിൽ പങ്കെടുത്ത കായിക അക്കാദമികളുടെ പ്രോജക്ടുകളെ നിക്ഷേപമായി പരിഗണിച്ചാണ് മുൻ കായിക മന്ത്രി കണക്കുണ്ടാക്കിയതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

**<u>ലയണൽ മെസ്സിയുടെ പേരിൽ ക്രമക്കേട്</u>**

***149 ശ്രീ. സി. ആർ. മഹേഷ്**

**ശ്രീ. കെ. പി. നൗഷാദ് അലി**

**ശ്രീ. കെ. പ്രവീൺ കുമാർ**

**ശ്രീ. സിറിയക് തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ലയണൽ മെസ്സിയെയും അർജന്റീന ഫുട്ബോൾ ടീമിനെയും കേരളത്തിൽ എത്തിക്കാം എന്ന് പറഞ്ഞ് നടത്തിയ കോടികളുടെ തട്ടിപ്പും ചട്ടലംഘനവും സംബന്ധിച്ച് ഉയരുന്ന ആക്ഷേപം കായിക വകുപ്പിന്റെ അന്വേഷണ റിപ്പോർട്ടിൽ ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) അർജന്റീന ടീമിനെ കേരളത്തിലേക്ക് ക്ഷണിക്കുന്നതിനായി മുൻ കായിക മന്ത്രിയും ഉദ്യോഗസ്ഥരും 2024 സെപ്റ്റംബറിൽ ഒരാഴ്ചയോളം സ്പെയിനിൽ പര്യടനം നടത്തിയിരുന്നോ; ഇക്കാലയളവിൽ ആരുമായാണ് മുൻമന്ത്രിയും സംഘവും കൂടിക്കാഴ്ച നടത്തിയതെന്ന് വിശദമാക്കുമോ;

(സി) അർജന്റീന ഫുട്ബോൾ അസോസിയേഷന് ഏകദേശം 126 കോടി രൂപ നൽകിയെന്ന സ്പോൺസർ ആയ റിപ്പോർട്ടർ ബ്രോഡ്കാസ്റ്റിംഗ് കമ്പനിയുടെ അവകാശവാദത്തെക്കുറിച്ച് അന്വേഷിച്ചിരുന്നോ; പണം അയച്ചതിന്റെ രേഖകൾ കണ്ടെത്തിയിരുന്നോ; വിശദമാക്കുമോ?

**<u>ഉന്നതവിദ്യാഭ്യാസ മേഖലയിലെ പ്രതിസന്ധികളും വെല്ലുവിളികളും</u>**

***150 ശ്രീ. കെ. രാജൻ**

**ശ്രീ. മുഹമ്മദ് മുഹസിൻ**

**ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ**

**ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** പരമ്പരാഗത ബിരുദ കോഴ്സുകൾക്ക് ഇന്നത്തെ ആഗോള തൊഴിൽ വിപണിയിൽ ആവശ്യക്കാരില്ലാതായി മാറുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**(ബി)** ആധുനിക സാങ്കേതിക മേഖലകൾക്ക് അനുയോജ്യമായ രീതിയിൽ കോഴ്സുകൾ പരിഷ്കരിക്കുവാൻ മുൻ സർക്കാർ നടപ്പിലാക്കിയ പരിപാടികൾ ശക്തമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**(സി)** പരീക്ഷാ നടത്തിപ്പ്, ഡിജിറ്റൽ സംവിധാനങ്ങളുടെ (ഉദാഹരണത്തിന് K-REAP പോലെയുള്ള സോഫ്റ്റ്‌വെയറുകൾ) പിഴവുകൾ, ഫലപ്രഖ്യാപനത്തിലെ കാലതാമസം എന്നിവ വിദ്യാർത്ഥികളുടെ ഉന്നതപഠന സാദ്ധ്യതകളെയും വിദേശ പഠന അവസരങ്ങളെയും പ്രതികൂലമായി ബാധിക്കുന്നുണ്ടോ; വിശദമാക്കാമോ;

**(ഡി)** ദേശീയ-ആഗോള തലങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ സർവകലാശാലകളിൽ നടക്കുന്ന ഗവേഷണങ്ങളുടെ ഗുണനിലവാരവും അത്യാധുനിക ലബോറട്ടറി സൗകര്യങ്ങളും ഇനിയും മെച്ചപ്പെടാനുണ്ട് എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

കേരളനിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2026 ഒക്ടോബർ 07, ബുധൻ

**ഷാജി സി ബേബി**
സെക്രട്ടറി ഇൻചാർജ്

---

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].